**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1144** **30-06-2022 - ൽ മറുപടിയ്ക്ക്**

**വട്ടിയൂർക്കാവ് മണ്ഡലത്തിലെ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ വി കെ പ്രശാന്ത്** | | **ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | വട്ടിയൂർക്കാവ് മണ്ഡലത്തിൽ സാംസ്കാരിക വകുപ്പ് നേരിട്ടും വകുപ്പിന് കീഴിലെ വിവിധ സ്ഥാപനങ്ങൾ മുഖാന്തിരവും നടപ്പാക്കി വരുന്ന പദ്ധതികൾ സംബന്ധിച്ച തൽസ്ഥിതി റിപ്പോർട്ട് ഉൾപ്പെടെയുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | സാംസ്കാരിക പ്രവർത്തനങ്ങൾക്ക് നിയോജകമണ്ഡലാടിസ്ഥാനത്തിൽ ഫണ്ട് അനുവദിക്കുന്ന കീഴ്വഴക്കം ഇല്ല. കേരളത്തിലെ കലാസാംസ്കാരിക പാരമ്പര്യത്തെ സംരക്ഷിക്കുക, യുവ കലാകാരന്മാരെ പ്രോത്സാഹിപ്പിക്കുക തുടങ്ങിയ ലക്ഷ്യത്തോടെ വിവിധ കലാരൂപങ്ങളിൽ കലാപരിശീലനം നൽകുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കൂടി സഹായത്തോടെ സാംസ്കാരിക വകുപ്പ് വജ്രജൂബിലി ഫെലോഷിപ്പ് പദ്ധതി നടപ്പിലാക്കി വരുന്നു. പ്രസ്തുത പദ്ധതിയിൻ കീഴിൽ 40 ലധികം കലാരൂപങ്ങളിലായി സൗജന്യ, സാമൂഹ്യ കലാപരിശീലനം നൽകി വരുന്നു. ഫെല്ലോഷിപ്പ് കലാകാരന്മാരുടെ ക്ലാസ്സുകളുടെ അടിസ്ഥാനത്തിൽ സാംസ്കാരിക വകുപ്പിൽ നിന്ന് പ്രതിമാസം 10,000/- രൂപാ വീതവും അതാത് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ നിന്ന് 7500/- രൂപാ വീതവും ഫെല്ലോഷിപ്പ് നൽകി വരുന്നു.<br><br>വട്ടിയൂർക്കാവ് മണ്ഡലത്തിലെ കാച്ചാണി,വലിയവിള പ്രദേശങ്ങളിലെ പഠനകേന്ദ്രങ്ങളിൽ വജ്രജൂബിലി ഫെലോഷിപ്പ് പദ്ധതിയിൽ തിരുവനന്തപുരം കോർപ്പറേഷന് കീഴിൽ വിന്യസിക്കപ്പെട്ടിട്ടുള്ള 14 കലാകാരൻമാർ വിവിധ കലാരൂപങ്ങളിലായി സൗജന്യ കലാപരിശീലനം നൽകി വരുന്നു.<br><br>വട്ടിയൂർക്കാവ് മണ്ഡലത്തിൽ സാംസ്കാരികവകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ നടപ്പാക്കി വരുന്ന പദ്ധതികളെ സംബന്ധിച്ച തൽസ്ഥിതി റിപ്പോർട്ട് ചുവടെ ചേർക്കുന്നു:-<br><br>a) **<u>ഗുരുഗോപിനാഥ് നടനഗ്രാമം.</u>**<br><br>1.ചിലമ്പൊലി നൃത്തമണ്ഡപത്തിന് സ്ഥിരം മേൽക്കൂര നിർമ്മാണം<br><br>അടങ്കൽ തുക : 72,03,000/- രൂപ നിർമ്മാണം പൂർത്തിയായി<br><br>2. ഭൂമിക - നടനകലാനിധി - നടനപ്രതിഭകളുടെ ഓർമ്മ നിലനിർത്താൻ അവർ ഉപയോഗിച്ച ആടയാഭരണങ്ങൾ, ജീവിതരേഖകൾ, ഗ്രന്ഥങ്ങൾ, ചിത്രങ്ങൾ തുടങ്ങിയവ മ്യൂസിയം ഗ്യാലറിയിൽ പ്രദർശിപ്പിക്കൽ-പ്രാഥമികഘട്ടത്തിലാണ്. |

| | | | |
|---|---|---|---|
| | | | അടങ്കൽ തുക : 10 ലക്ഷം രൂപ<br><br>3.ആർട്ട് ആന്റ് ക്രാഫ്റ്റ് കേരള – നൃത്തകലാ സംബന്ധിയായ കരകൗശലവസ്തുക്കളുടെ നിർമ്മാണപരിശീലനം -ഒന്നാംഘട്ടത്തിലാണ്.<br><br>അടങ്കൽ തുക : 15 ലക്ഷം രൂപ<br><br>4. ഡിജിറ്റൽ സ്റ്റുഡിയോയും ട്രെയിനിംഗും - താള -വാദ്യ കലാപരിശീലനം ഡിജിറ്റൈസ് ചെയ്യുന്നതിനും ദേശീയ നൃത്ത മ്യൂസിയത്തിന്റെ പ്രചാരണ ചിത്ര നിർമ്മാണത്തിനും വേണ്ടി സ്റ്റുഡിയോ സ്ഥാപിക്കുന്നത്- പ്രാഥമികഘട്ടത്തിലാണ്.<br><br>അടങ്കൽ തുക : 15 ലക്ഷം രൂപ<br><br>5. വെബ്സൈറ്റ് നവീകരണം -നടനഗ്രാമത്തിലെ നിലവിലുള്ള വെബ്സൈറ്റ് നവീകരിക്കുന്നത് -ഒന്നാംഘട്ടത്തിലാണ്.<br><br>അടങ്കൽ തുക: 5 ലക്ഷം രൂപ<br><br>6. ദേശീയ നാട്യപുരസ്കാരവും കേരളനടനം സപര്യാപുരസ്കാരവും - പ്രതിഭകൾക്കുള്ള പുരസ്കാരം നിർണ്ണയും പൂർത്തിയാക്കി.<br><br>അടങ്കൽ തുക: 5 ലക്ഷം രൂപ<br><br>b) വൈലോപ്പിള്ളി സംസ്കൃതി ഭവൻ കലകളെയും കലാകാരൻമാരെയും പ്രോത്സാഹിപ്പിക്കുന്നതിനായി പ്രതിഫലം നൽകി കലാപരിപാടികൾ സംഘടിപ്പിച്ച് വരുന്നു.<br><br>c) കേരള ഭാഷ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പുതിയ കെട്ടിടത്തിനായി 2016-17 -ലെ ബഡ്ജറ്റിൽ വകയിരുത്തിയ 1,75,00,000/- (ഒരു കോടി എഴുപത്തിയഞ്ച് ലക്ഷം രൂപ മാത്രം) മുഴുവൻ തുകയും വിനിയോഗിച്ച് പണി പൂർത്തിയാക്കി പൊതുമരാമത്ത് വകുപ്പ് 2021-22 സാമ്പത്തിക വർഷത്തിൽ കെട്ടിടം ഇൻസ്റ്റിറ്റ്യൂട്ടിന് കൈമാറിയിട്ടുണ്ട്.<br><br>d) **ജവഹർ ബാലഭവൻ, തിരുവനന്തപുരം**<br><br>തിരുവനന്തപുരം ജവഹർ ബാലഭവനിൽ കുട്ടികൾക്കായി നിർമ്മിച്ച് വരുന്ന തിയേറ്ററിന്റെ 70% പണികൾ പൂർത്തിയായിട്ടുണ്ട്. കൂടാതെ ബാലഭവന്റെ കിഴക്കേ ഭാഗത്ത് 1.76 കോടി രൂപ ചെലവഴിച്ച് നിർമിച്ച താങ്ങുഭിത്തി നിർമാണം 90% പൂർത്തിയായിട്ടുണ്ട്. |
| (ബി) | 2019-20, 2020-21, 2021-22, 2022-23 സംസ്ഥാന ബഡ്ജറ്റുകളിൽ പ്രഖ്യാപിച്ചിട്ടുള്ളതും സാംസ്കാരിക വകുപ്പ് നേരിട്ടും വകുപ്പിന് കീഴിലെ വിവിധ സ്ഥാപനങ്ങൾ മുഖാന്തിരവും വട്ടിയൂർക്കാവ് മണ്ഡലത്തിൽ നടപ്പിലാക്കേണ്ടതുമായ പദ്ധതികൾ ഏതൊക്കെയാണെന്നും അവയുടെ നിലവിലെ സ്ഥിതിയും വിശദമാക്കാമോ; | (ബി) | 2019-20, 2020-21, 2021-22, 2022-23 സംസ്ഥാന ബഡ്ജറ്റുകളിൽ പ്രഖ്യാപിച്ചിട്ടുള്ളതും സാംസ്കാരിക വകുപ്പിന് കീഴിലെ വിവിധ സ്ഥാപനങ്ങൾ മുഖാന്തിരവും വട്ടിയൂർക്കാവ് മണ്ഡലത്തിൽ നടപ്പിലാക്കേണ്ടതുമായ പദ്ധതി വിവരങ്ങൾ ചുവടെ ചേർക്കുന്നു:-<br><br>**<u>1) ഗുരുഗോപിനാഥ് നടനഗ്രാമം.</u>**<br><br>**<u>a) 2019 – 20</u>**<br><br>1) നടനഗ്രാമത്തിൽ ഡിജിറ്റൽ തിയേറ്റർ നിർമാണം - ഭാഗികമായി പൂർത്തീകരിച്ചു |

| | | | |
|---|---|---|---|
| | | | 2) ദേശീയ നാട്യപുരസ്കാരം - നൽകുകയുണ്ടായി.<br>3) പഠ്യോപകരണങ്ങൾ - സംഭരിച്ചു.<br>4) ഗ്രീവ്സ് ജനറേറ്റർ നവീകരണം - പൂർത്തിയാക്കി.<br>5) കേരളനടനം ഡോക്കുമെന്റേഷൻ - ഭാഗികമായി പൂർത്തീകരിച്ചു.<br>**<u>b) 2020 - 21</u>**<br>1)കോവിഡ്കാലത്തെ ഓൺലൈൻ കലാപരിശീലനത്തിന് ഭൗതിക സാഹചര്യമൊരുക്കൽ<br>2) മ്യൂസിയം ഗ്യാലറി നവീകരണം<br>3) അതിഥിമുറികളിൽ ഫർണീച്ചർ<br>4) നൃത്തമണ്ഡപത്തിന് മേൽക്കൂര<br>5) ദേശീയനൃത്തമ്യൂസിയം ഡോക്യുഫിക്ഷൻ<br>6) ഡിജിറ്റൽ ഡാൻസ് തിയേറ്റർ - പൂർത്തീകരണം<br>7) ദേശീയ നൃത്തോത്സവം, ലോകനൃത്ത ദിനാഘോഷം, ശ്രേഷ്ഠ ഭാഷാ ദിനാഘോഷം<br>8) കേരളനടനം സപര്യാപുരസ്കാരം<br>എന്നീ പദ്ധതി പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്.<br>**<u>c) 2021 - 22</u>**<br>1) മഴമിഴി - മൾട്ടിമീഡിയ<br>2) ചിലമ്പൊലി ആഡിറ്റോറിയം മേൽക്കൂര നിർമ്മാണം - പൂർത്തീകരിച്ചു.<br>3) ഓൺലൈൻ പരിശീലന സിലബസ് തയ്യാറാക്കൽ - പൂർത്തീകരിച്ചു.<br>2) **<u>ജവഹർ ബാലഭവൻ, തിരുവനന്തപുരം</u>**<br>2019-2020 ൽ ബാലഭവന്റെ കിഴക്ക് ഭാഗത്ത് താങ്ങുഭിത്തി നിർമാണത്തിന് 65,00,000/- രൂപയും 2020 - 21ൽ 56,99,700/- രൂപയും അനുവദിച്ചിട്ടുണ്ട്. കുട്ടികളുടെ തിയേറ്റർ നിർമാണത്തിന് 2020- 21ൽ 17,40,450/- രൂപയും 2021-22 ൽ 75,96,000/- രൂപയും അനുവദിച്ചിട്ടുണ്ട്. 2022-23 വർഷം കുട്ടികളുടെ തിയേറ്റർ നിർമാണത്തിന് 84,00,000/-രൂപ വകയിരുത്തിയിട്ടുണ്ട്. തിയേറ്റർ നിർമാണം 70% പൂർത്തിയായിട്ടുണ്ട്. |
| (സി) | വട്ടിയൂർക്കാവ് മണ്ഡലത്തിൽ 2021 ഏപ്രിൽ മാസത്തിന് ശേഷം സാംസ്കാരിക വകുപ്പ് നേരിട്ടും വകുപ്പിന് കീഴിലെ വിവിധ സ്ഥാപനങ്ങൾ | (സി) | **<u>1. ഗുരുഗോപിനാഥ് നടനഗ്രാമം.</u>**<br>2021-22 പദ്ധതി വിഹിതം 35 ലക്ഷം രൂപയിൽ 34.08 ലക്ഷം രൂപ ചെലവഴിച്ചു. |

<table>
<tr>
<td></td>
<td>മുഖാന്തിരവും പൂർത്തീകരിച്ച പദ്ധതികളുടെ വിശദാംശങ്ങൾ (ഫണ്ട്, ഭരണാനുമതി തുക, എസ്റ്റിമേറ്റ് തുക, ചെലവഴിച്ച തുക എന്നിവ ഉൾപ്പെടെ) ലഭ്യമാക്കാമോ?</td>
<td></td>
<td>
<table>
<tr><td></td><td>എസ്റ്റിമേറ്റ് തുക (ലക്ഷത്തിൽ)</td><td>ചെലവഴിച്ച തുക (ലക്ഷത്തിൽ)</td></tr>
<tr><td>1. മഴമിഴി</td><td>5.00</td><td>5.00</td></tr>
<tr><td>2. ചിലമ്പൊലി ആഡിറ്റോറിയം മേൽക്കൂര നിർമ്മാണം<br><br>(തുടരുന്ന പദ്ധതി)</td><td>72.03</td><td>20.92</td></tr>
<tr><td>3. ഗുരുജി ജീവിത രേഖ</td><td>10.00</td><td>6.13</td></tr>
</table>
<br>
2. <u>ജവഹർ ബാലഭവൻ, തിരുവനന്തപുരം</u>
<br><br>
2021 ഏപ്രിൽ-നു ശേഷം 1.76 കോടി രൂപ ചെലവഴിച്ച് നിർമ്മിച്ച താങ്ങുഭിത്തി നിർമ്മാണം 90% പൂർത്തിയായിട്ടുണ്ട്.
</td>
</tr>
</table>

സെക്ഷൻ ഓഫീസർ